(സി) പ്രാക്തന ഗോത്ര വർഗ്ഗവിഭാഗക്കാരുടെ കുട്ടികൾക്കായി പ്രവർത്തിക്കുന്ന നൂൽപ്പുഴ രാജീവ് ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂൾ 2013-14 അധ്യയനവർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ 89.65%-ഉം പ്ലസ്ടു പരീക്ഷയിൽ 100%-ഉം വിജയം കൈവരിച്ചിട്ടുണ്ട്. കൂടാതെ ചോലനായ്ക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ കൂടുതൽ പഠിക്കുന്ന നിലമ്പൂർ ഇന്ദിരാ ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂൾ 2013-14 അധ്യയനവർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 93.1%-വും വിജയം കൈവരിച്ചിട്ടുണ്ട്.

(ഡി) റസിഡൻഷ്യൽ സ്കൂളുകളിലെ വിജയം മികവുറ്റതാക്കാൻ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന സ്കൂൾതലം മുതൽ പ്ലസ്ടുതലം വരെയുള്ള വിദ്യാർത്ഥികൾക്ക് മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും മികച്ച അദ്ധ്യാപകരെ ലഭ്യമാക്കാനും സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. പ്രത്യേകിച്ചും എസ്.എസ്.എൽ.സി.,+2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെയ് മാസത്തിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കുകയും ഇവരിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി സ്പെഷ്യൽ കോച്ചിംഗ്, നൈറ്റ് ക്ലാസ് എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ടി ക്ലാസ്സുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പാഠ്യപ്രവർത്തനങ്ങൾക്ക് പുറമെ പഠന പുരോഗതിയ്ക്കാവശ്യമായ പാഠ്യേതര പ്രവർത്തനങ്ങളും നടത്തുന്നതിനു വേണ്ടി സ്കൂൾ സമയം 8.30 AM മുതൽ 2.00 PM വരെയാക്കി ക്രമീകരിച്ചിട്ടുണ്ട്. പ്ലസ് ടുവിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച വിജയം കരസ്ഥമാക്കുന്നതിനോടൊപ്പം തന്നെ എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ വിജയം നേടുന്നതിനായി എൻട്രൻസ് ഓറിയന്റ്ഡ് കോച്ചിംഗ് ക്ലാസ്സുകളും നടത്തിവരുന്നു.

പഠനപ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാനും വിദ്യാർത്ഥികളുടെ പഠനശേഷി വർദ്ധിപ്പിക്കുന്നതിനുമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്റ്റുഡന്റ് ഫെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ, നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നടത്തിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം മെച്ചപ്പെടുത്തുന്നതിനും മികച്ച മാനസികശേഷി കൈവരിക്കുന്നതിനും അങ്ങനെ പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിനും അവരെ മാനസികമായി പ്രാപ്തരാക്കുവാൻ പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് തലത്തിൽ സ്റ്റുഡന്റ് കൗൺസിലർമാരെയും നിയമിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ

238 (6689) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എത്ര ഹോസ്റ്റലുകൾ ഉണ്ട് ; ഇവിടെ എത്ര വാർഡൻമാരും പാചകക്കാരും ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികകളിലേക്ക് ഇപ്പോൾ എത്ര ഒഴിവുകളാണുള്ളത്; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 111 ഹോസ്റ്റലുകളുണ്ട്. അവയിൽ വാർഡന്മാരുടെ 111 ഉം പാചകക്കാരുടെ 291 ഉം തസ്തികകൾ ഉണ്ട്.

(ബി) വാർഡൻ തസ്തികയിൽ നിലവിൽ 67 ഒഴിവുകളും കുക്ക് തസ്തികയിൽ നിലവിൽ 109 ഒഴിവുകളുമാണുള്ളത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

239 (6690) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത്, പദ്ധതി, തുക എന്നിവ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ

240 (6691) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ ജനസംഖ്യ എത്രയെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച കണക്കുകൾ വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly